**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 969</u>** **<u>30-06-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികൾ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികളുടെ പൂർത്തീകരണത്തിനായി എല്ലാ മാസവും പ്ലാൻ പദ്ധതി, നബാർഡ്, SDRF എന്നീ പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവരുടെ മേൽനോട്ടത്തിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | കുട്ടനാട്ടിലെ മടവീഴ്ച ശാശ്വതമായി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി ഉണ്ടാകുമെന്ന് വിശദമാക്കാമോ; | (ബി) | കുട്ടനാട്ടിൽ കായൽ പാടശേഖരങ്ങളിലാണ് പുറംബണ്ട് ബലക്ഷയത്താൽ മടവീഴ്ച ഉണ്ടാകുന്നത്. മടവീഴ്ച ശാശ്വതമായി പരിഹരിക്കുന്നതിനായി ബലക്ഷയം ഉള്ള പാടശേഖര-പുറംബണ്ടുകളുടെ സംരക്ഷണത്തിനായി പൈൽ & സ്ലാബ് മുഖേനയുള്ള സംരക്ഷണവും ആവശ്യമെങ്കിൽ സാങ്കേതിക വിദഗ്ധ ടീമിന്റെ സഹായത്തോടെ സ്ഥലസന്ദർശനവും പഠനവും നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ പുറംബണ്ട് സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ കുട്ടനാട് പാക്കേജ്, നബാർഡ്, എസ്.ഡി.ആർ.എഫ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ ഫണ്ട് ലഭ്യത അനുസരിച്ച് സംരക്ഷണഭിത്തി നിർമ്മിച്ചും നദികളിലേയും തോടുകളിലേയും അടിഞ്ഞുകൂടിയ എക്കലും മറ്റു മാലിന്യങ്ങളും നീക്കി ഒഴുക്ക് സുഗമമാക്കിയും മടവീഴ്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് . |
| (സി) | പാടശേഖരങ്ങളിലെ മടവീഴ്ച പരിഹരിച്ചു സംരക്ഷിക്കുന്നതിനും ഇറിഗേഷൻ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും പ്രത്യേക നടപടി സ്വീകരിക്കുമോ? | (സി) | പാടശേഖരങ്ങളിലെ മട വീഴ്ച പരിഹരിച്ച് സംരക്ഷിക്കുന്നതിനായി പ്ലാൻ പദ്ധതി, നബാർഡ്, എസ്.ഡി.ആർ.എഫ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു. അവയുടെ പ്രവർത്തന പുരോഗതി കൃത്യമായി വിലയിരുത്തുകയും പൂർത്തീകരണ സമയത്തിനുള്ളിൽ തന്നെ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കു ന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ